കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി
Kerala Regional Latin Catholic Secretariat
P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt.Rev.Dr. Dennis Kuruppassery | Rev.Fr.Anoop Kalathithara OSJ | Mr.Paul Jose | Mr. Sherin K R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.08 Date: 30/01/2026

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

# Y-MAP - ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം

കെ.ആർ.എൽ.സി.ബി.സി. യൂത്ത് കമ്മീഷൻ, CCBI Communio യുടെ സഹകരണത്തോടെ കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പന്ത്രണ്ട് ലത്തീൻ രൂപതകളിലെയും യുവജനനേതാക്കൾക്ക് വേണ്ടിയുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന ഒരു ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം നടത്തുകയാണ്. **'Y- MAP'** എന്ന് പേരിട്ടിരിക്കുന്ന ഈ പ്രോഗ്രാമിന്റെ ആദ്യ ഘട്ടം കഴിഞ്ഞ സർക്കുലറിൽ (KCYM/L/2025/CL/No.07) അറിയിച്ചതു പോലെ കോഴിക്കോട് വെച്ചു പൂർത്തിയായി, രണ്ടാം സെഷൻ **2026 മാർച്ച് 14, 15 (ശനി, ഞായർ)** തീയതികളിൽ കൊല്ലം രൂപതയുടെ ആതിഥേയത്വത്തിൽ **ക്രിസ്തു ജ്യോതിസ് ആനിമേഷൻ** സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രണ്ടാം ഘട്ടമായ ഈ പ്രോഗ്രാമിൽ **കൊല്ലം, പുനലൂർ, ആലപ്പുഴ, വിജയപുരം, നെയ്യാറ്റിൻകര, തിരുവനന്തപുരം** എന്നീ രൂപതകളിൽ നിന്നു ള്ള യുവജന നേതാക്കൾക്കാണ് പരിശീലനം നൽകുന്നത്. സഭാപരിശീലനം നേടിയ യുവജന നേതാക്കളുടെ അഭാവം രൂപത-സംസ്ഥാന തലങ്ങളിൽ ശക്തമായി അനുഭവിക്കുന്ന സാഹച ര്യത്തിൽ നമ്മുടെ യുവജനങ്ങൾക്ക് മികച്ച പരിശീലനം നൽകി, അവരെ സാമുദായിക-സാമൂഹിക നേതൃത്വത്തിലേക്ക് രൂപപ്പെടുത്തുക എന്നതാണ് ഈ ട്രെയിനിംഗ് പ്രോഗ്രാമിന്റെ ആത്യന്തികമായ ലക്ഷ്യം. ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലന പരിപാടി നാല് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്. വിവിധ ഫോളോഅപ് പ്രോഗ്രാമുകളും ആക്ടിവിറ്റികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രൂപതയിലെ കെ.സി.വൈ.എം. സമിതിയിലെ എല്ലാ ഭാരവാഹികളെയും അടുത്ത ഭാരവാഹിത്വത്തിലേക്ക് കടന്നു വരേണ്ട എല്ലാ യുവജങ്ങളെയും ഉൾപ്പെടുത്തി രൂപതയിൽ നിന്നും 10 പേരെ നിർബന്ധമായും ഈ പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കണമെന്ന് ഓർമിപ്പിക്കുന്നു. പ്രോഗ്രാമിനായുള്ള രജിസ്ട്രേഷൻ ഫീസ് ഒരാൾക്കു 250/- രൂപ ആയിരിക്കും. പ്രോഗ്രാമിനായുള്ള രജിസ്ട്രേഷൻ ലിങ്ക് ചുവടെ ചേർക്കുന്നു. ഫെബ്രുവരി 10നകം നിങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയാകണമെന്നു ഓർമിപ്പിക്കുന്നു.

രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിങ്ക് : https://forms.gle/abjEJ1fbA6Tvt8a68

# അനുഗ്രഹ വഴിയേ - സമാപനം

ജൂബിലി വർഷത്തിൽ ആരംഭം കുറിച്ച, വിശുദ്ധിയുടെ ചരിത്രം വിളിച്ചോതുന്ന നൂറിലധികം വിശുദ്ധരുടെ തിരുശേഷിപ്പുകളുടെ പ്രയാണവും പൊതുദർശനവുമായ **"അനുഗ്രഹ വഴിയേ"** എന്ന ആത്മീയ പ്രയാണവുമായി കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ഓരോ രൂപതകളിലേക്കും കടന്നുവന്നപ്പോൾ നിങ്ങളോരുത്തരും വളരെ ഭക്തിയോടും ആദരവോടും കൂടെ സ്വീകരിക്കുകയും, വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തത് നന്ദിയോടെ ഓർക്കുന്നു. ഇന്ന് നിലവിൽ 7 രൂപതകളിൽ പൂർത്തികായാകുകയും, ബാക്കി രൂപതകളിൽ ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്ന ഈ ഒരു അവസരത്തിൽ, **അനുഗ്രഹ വഴിയേ** എന്ന ഈ ആത്മീയ പ്രയാണത്തിന് നെയ്യാറ്റിൻകര രൂപതയുടെ ആതിഥേയത്വത്തിൽ **2026 ഫെബ്രുവരി 22** ഞായറാഴ്ച്ച **നെടുമങ്ങാട് ക്രിസ്തു രാജ ദേവാലയത്തിൽ** വെച്ചു സമാപനം കുറിക്കു കയാണ്. രൂപതകളിലൂടെയുള്ള ഈയൊരു പ്രയാണം സമാപനത്തോടടുക്കുമ്പോൾ എല്ലാ രൂപതാ ഭാരവാഹികളെയും ഈ ഒരു അവസരത്തിൽ സ്നേഹത്തോടെ ഓർക്കുകയും, സമാപന ദിവസം നെയ്യാറ്റിൻകരയുടെ മണ്ണിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

## നന്ദിയോടെ...

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ **അനുഗ്രഹ വഴിയേ** എന്ന പ്രോഗ്രാമിനെ സ്വീകരിക്കുകയും, വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തു തന്ന കൊച്ചി രൂപതയ്ക്കും (ജനുവരി 10), വരാപ്പുഴ അതിരൂപതയ്ക്കും (ജനുവരി 11) കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

Y-MAP ന്റെ ആദ്യ ഘട്ടത്തിന് ആതിഥേയത്വം വഹിച്ച കോഴിക്കോട് അതിരൂപതയ്ക്കും, കെ.സി.വൈ.എം. അതിരൂപതാ സമിതിക്കും കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

കഴിഞ്ഞ രണ്ടുവർഷക്കാലം ഐ.സി.വൈ.എം. നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി സേവനം ചെയ്ത സുൽത്താൻപേട്ട് രൂപതാ അംഗം **ജോഷ്ന എലിസബത്ത്** നും, കൊല്ലം രൂപതാ അംഗം **അബിൻ ബെനഡിക്ട്** നും ഹൃദയപൂർവ്വം നന്ദി.

## അഭിനന്ദങ്ങൾ...

ഐ.സി.വൈ.എം. നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട നെയ്യാറ്റിൻകര രൂപതാ അംഗം **അരുൺ രാജ് സി. എസ്** നും, വരാപ്പുഴ അതിരൂപതാ അംഗം **റോസ്മേരി കെ. ജെ.** ക്കും അഭിനന്ദനങ്ങൾ

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

KCYM LATIN STATE COMMITTEE

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി